**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4334** **18-03-2025 - ൽ മറുപടിയ്ക്ക്**

**വാർഷിക വ്യവസായ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യാവസായിക സ്ഥിതി വിവരക്കണക്കുകളുടെ പ്രധാന സ്രോതസായ വാർഷിക വ്യവസായ സർവ്വേ ഏത് സാമ്പത്തിക വർഷം വരെ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്; അവസാനമായി പ്രസിദ്ധീകരിച്ചത് ഏത് സാമ്പത്തിക വർഷത്തെ സർവ്വേയാണ്; വാർഷിക വ്യവസായ സർവ്വേ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | (എ) & (ബി)<br><br>ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക പോർട്ടൽ പ്രകാരം 2019-20 വർഷം വരെ വാർഷിക വ്യവസായ സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പാണ് ഇത് സംബന്ധിച്ച് ഡാറ്റ ശേഖരിച്ച്, കോഡീകരിച്ച് സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്. ആയതിനാൽ പ്രസ്തുത സർവ്വേയുടെ മാനദണ്ഡങ്ങളും നിലവിലെ സ്ഥിതിയും, കാലതാമസത്തിന്റെ കാരണങ്ങളും വ്യവസായ വകുപ്പിൽ ലഭ്യമല്ല. |
| (ബി) | എന്തൊക്കെ മാനദണ്ഡങ്ങളാണ് മേൽപ്പറഞ്ഞ സർവ്വേയ്ക്ക് ആധാരമാകുന്നത്; വാർഷിക വ്യവസായ സർവ്വേ പൂർത്തീകരിച്ച് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത സർവ്വേകൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ